"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് -ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്- പേരൂർക്കട ഇ.എസ്.ഐ ആശുപത്രിയിലെ നഴ്സിംഗ് അസിസ്റ്റന്റായ ശ്രീമതി. ശാരദ.സി യ്ക്ക് അനുവദിച്ച പലിശരഹിത ചികിത്സാ വായ്പ ക്രമീകരിച്ച് -ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.448/2025/LBR തീയതി,തിരുവനന്തപുരം, 01-04-2025

---

പരാമർശം:- 1. 19.03.2021-ലെ സ.ഉ.(സാധാ) നം.520/2021/തൊഴിൽ.

2. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ദക്ഷിണ മേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ 24.11.2021ലെ എ2(എൽ.ഡിസ്)5642/2021/ആർ.ഡി.ഡി/ദ.മേ/ഐ.എം.എസ് നമ്പർ നടപടി ക്രമം.

3. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ദക്ഷിണ മേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ 30.07.2024 ലെ .എ2-1590 2024/ആർ.ഡി.ഡി/ദ.മേ/ഐ.എം.എസ്/ നമ്പർ നടപടിക്രമം.

4. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 19.10.2024 ലെ ബി5-1239/2023/ഡി.ഐ.എം.എസ് നമ്പർ കത്ത്.

**ഉത്തരവ്**

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ പേരൂർക്കട ഇ.എസ്.ഐ ആശുപത്രിയിലെ നഴ്സിംഗ് അസിസ്റ്റന്റായ ശ്രീമതി.ശാരദ. സി യുടെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ചികിൽസയ്ക്കായി പരാമർശം -1 പ്രകാരം 1,00,000/- രൂപ പലിശ രഹിത ചികിത്സാ വായ്പയായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ചികിത്സയ്ക്ക ചെലവായ 6,300/- രൂപ റീ ഇംബേഴ്സ്മെന്റായി അനുവദിച്ച് വായ്പ ക്രമീകരിച്ച് പരാമർശം -2 പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ദക്ഷിണമേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പലിശരഹിത ചികിത്സാ വായ്പ സർക്കാർ തലത്തിൽ ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ പരാമർശം (2) ലെ ഉത്തരവ് പരാമർശം (3) പ്രകാരം റദ്ദ് ചെയ്യുകയും സർക്കാർ തലത്തിൽ പ്രസ്തുത പലിശരഹിത ചികിത്സാ വായ്പ ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നതിനുള്ള ശുപാർശ പരാമർശം (4) പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി. ചികിത്സയ്ക്ക് ചെലവായ 6300/- രൂപയും ബാക്കി തുകയായ

**93,700/-** രൂപയും അപേക്ഷക തിരിച്ചടച്ചിട്ടുണ്ട്.

**2)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ പേരൂർക്കട ഇ.എസ്.ഐ ആശുപത്രിയിലെ നഴ്സിംഗ് അസിസ്റ്റന്റായ ശ്രീമതി.ശാരദ.സി യുടെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ചികിൽസയ്ക്കായി പരാമർശം**(1)** പ്രകാരം അനുവദിച്ച **1,00,000/-** രൂപയുടെ പലിശരഹിത ചികിത്സാവായ്പയിൽ ചികത്സയ്ക്ക് ചെലവായ **6300/-** രൂപയും ബാക്കി തുകയായ **93,700/-** രൂപയും അപേക്ഷക തിരിച്ചടച്ച സാഹചര്യത്തിൽ പരാമർശം**(1)** പ്രകാരം അനുവദിച്ച പലിശരഹിത ചികിത്സാ വായ്പ ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
അണ്ടർ സെക്രട്ടറി

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്, തിരുവനന്തപുരം.
(അസൽ ബില്ലുകൾ സഹിതം)
ശ്രീമതി.ശാരദ.സി, നഴ്സിംഗ് അസിസ്റ്റന്റ്, ഇ.എസ്.ഐ ആശുപത്രി, പേരൂർക്കട
(ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
ധനകാര്യ (ലോൺസ്) വകുപ്പ് (**17.03.2025** ലെ ലോൺസ്-എൽ**3/74/2021**-ധന(**1729164**)പ്രകാരം.)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Ajish Kumar A
Date: 01-04-2025 16:52:03

പകർപ്പ്:ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്